(ബി) ഈ വർഷത്തെ വേനൽ മഴയിൽ ജലനിരപ്പിൽ വന്ന വ്യത്യാസം എത്ര ; ഇത് മുൻ വർഷത്തേതിൽ നിന്നും എത്ര അടി കൂടുതലാണ് ; വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് വേനൽ മഴ ഏറ്റവും കൂടുതൽ ലഭിച്ചത് ഏതു വർഷമാണ് ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇടുക്കി ജലസംഭരണിയിൽ 2-6-2015-ലെ ജലനിരപ്പ് 2334.30 അടിയാണ്. കഴിഞ്ഞ ഇതേ ദിവസം ജലനിരപ്പ് 2316.06 അടിയായിരുന്നു. വ്യത്യാസം 18.24 അടി കൂടുതലാണ്.

(ബി) 2015-ലെ വേനൽ മഴയിൽ 4357.54 Mcft ജലം ഒഴുകിയെത്തി. 2014-ൽ ഈ കാലയളവിൽ 2624.04 Mcft ജലമാണ് ഒഴുകിയെത്തിയത്. 2014-നെ അപേക്ഷിച്ച് 1733.41 Mcft ജലം ഈ വർഷം കൂടുതലായി ഒഴുകിയെത്തി. ഈ വ്യത്യാസം ജലനിരപ്പ് 4.6 അടി ഉയരാൻ പര്യാപ്തമാണ്.

(സി) 2015-ൽ (494.10 Mm മഴ ലഭിച്ചു) ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ മഴയാണ് വേനൽമഴയായി കണക്കാക്കുന്നത്.

വൈദ്യുതി ഉൽപ്പാദനം

28 (373) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി ;

(ബി) എങ്കിൽ ഏതെല്ലാം ബൃഹത് പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിയത് ;

(സി) ഇതിലെ ഓരോ പദ്ധതികളിൽനിന്നും പ്രതീക്ഷിച്ച ഊർജ്ജ ഉൽപ്പാദനം എത്രയെന്നും ലഭിച്ചതെത്രയെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു:

1	ചിമ്മിനി SHEP	2.5 MW
2	പെരുന്തേനരുവി SHEP	6 MW
3	വെള്ളത്തൂവൽ SHEP	3.6 MW
4	ആഢ്യൻപാറ SHEP	3.5 MW
5	പൊരിങ്ങൽ കുത്ത് SHEP	24 MW
6	ഭൂതത്താൻ കെട്ട് SHEP	24 MW
	ആകെ	63.6 MW

ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 6 ജലവൈദ്യുത പദ്ധതികളുടെ ആകെ ഉൽപ്പാദനശേഷി 63.6 മെഗാവാട്ടാണ്. ഇതിൽ 2.5 മെഗാവാട്ടിന്റെ ചിമ്മിനി പദ്ധതിയുടെ പണി പൂർത്തിയാക്കി. വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചു. ബാക്കി 5 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ ഉൾപ്പെടെ ആകെ 10 പദ്ധതികളുടെ നിർമ്മാണം ഇപ്പോൾ പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവൈദ്യുത പദ്ധതികൾവഴി 24.25 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് ഇതുവരെ ഉണ്ടായിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പരമാവധി നടപടികൾ സ്വീകരിച്ചുവരുന്നു. പാരമ്പര്യേതര പദ്ധതികളിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നവയുടെ പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

താപവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുവാൻ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ പ്രവർത്തനരഹിതമായ രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം ഏകദേശം 39.86 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു. കോൺട്രാക്ടറുമായി കരാറിലേർപ്പെടുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

2. ബ്രഹ്മപുരം ഡീസൽ നിലയത്തോടനുബന്ധമായി കാലിയായിക്കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭഗവതി അനാലാബ്സ് (പ്രൈ)' എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

3. പെറ്റ്കോക്കിൽനിന്ന് 500 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം കൊച്ചി റിഫൈനറിയോട് ചേർന്നുകിടക്കുന്ന 150 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി, പ്രാഥമിക പഠനം നടത്തി സ്വിസ് ചലഞ്ച് മാതൃകയിൽ ക്വാട്ട് സമർപ്പിക്കുന്നതിന് INKEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ പ്രകാരം അവർ പ്രാഥമിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇന്ധനമായ പെറ്റ്കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി.എൽ.-മായി ഗവൺമെന്റ് തലത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

4. പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി.യുമായി സഹകരിച്ച് 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിക്കാവശ്യമായ സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്നും അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈമാറ്റം ചെയ്യാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 400x3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ വൈദ്യുതി പദ്ധതി, ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൊച്ചി-

LIBRARY ARCHIVES Kerala Legislative Assembly

മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക്, പദ്ധതിയുടെ പാരിസ്ഥിതിക അനുമതിനേടി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നതാണ്.

6. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 660x2=1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന താപവൈദ്യുത പദ്ധതിയും പരിഗണനയിലുണ്ട്.

വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ

29 (374) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ അനുമതി നൽകാറുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വലിച്ചിട്ടുള്ള കേബിളുകൾ താഴ്ന്നും പൊട്ടിയും കിടന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം വരുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം അപകടത്തിന് ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ ; അപകടാവസ്ഥയിലുള്ള എല്ലാ കേബിളുകളും അടിയന്തരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിലെ എൽറ്റി പോസ്റ്റുകളിൽകൂടി ടി.വി. കേബിളുകൾ വലിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. 18-10-2002-ലെ ഉത്തരവുപ്രകാരം പുറത്തിറക്കിയിട്ടുണ്ട്. ഒരു പോസ്റ്റിൽകൂടി ഒന്നിലധികം ടി.വി. കേബിളുകൾ വലിക്കുന്നതിനുള്ള അനുവാദം 31-12-2014-ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഇത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly